മൂലം കാലഹരണപ്പെടുന്ന പക്ഷം ആയത് ഏത് ഉദ്യോഗസ്ഥന്റെ വീഴ്ചമൂലമാണോ അങ്ങനെയുള ഉദ്യോഗസ്ഥനിൽ നിന്നും 12 % പലിശസഹിതം ഈടാക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. കുടിശ്ശി ഈടാക്കാൻ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡി എൻക്വയറിക്ക് (നം.34/04.03.2026) പ്രസിഡന്റ്, സി.ഡി.എസ് മലപ്പുറം, സെക്രട്ടറി,എസ്.ഡി.എസ് മേൽമുറ റാനിയ BSB ജിം എന്നീ വാടക കുടിശ്ശികക്കാരിൽ നിന്നായി 85,763 രൂപ (രശീതി നം. 25035490/6.3.202 10288/-,25035563/ 7.3.2026, 54236/-, 25035672/7.3.2026, 21239/-) പ്രകാരം അടവാക്കിച്ചതായും ബാക്കിയുള കുടിശ്ശികക്കാർക്ക് നോട്ടീസ് നൽകിയതായും മറുപടി നൽകിയിട്ടുണ്ട്. പിരിച്ചെടുക്കാനവശേഷിക്കുന്ന മുഴുവ കുടിശ്ശികയും പിരിച്ചെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-29 താലൂക്ക് ആശുപത്രിക്ക് ഡിപിആർ തയ്യാറാക്കൽ- തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

ഫയൽ നമ്പർ-1027836-2024

നിർവഹണം - സെക്രട്ടറി

മലപ്പുറം നഗരസഭയിൽ പ്രധാനമന്ത്രി ജനവികാസ് കാര്യക്രം പ്രകാരം 2021-22 സാമ്പത്തിക വർഷത്തി താലൂക്ക് ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുവാൻ 972 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയത് പ്രകാര കെട്ടിടത്തിന് ഡി പി ആർ തയ്യാറാക്കുവാൻ ശ്രീ ദിലീപ് കുമാർ പി എസ് അസോസിയേറ്റ് പ്രൊഫസ ,ഗവ.എഞ്ചിനീയറിംഗ് കോളേജ് കോഴിക്കോടിന് 4,53,055 രൂപ തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.(വൗച്ച നമ്പർ P-M100500 24000113/15.5.24) ഡി പി ആർ തയ്യാറാക്കിയത് പരിശോധനക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെ നമ്പർ 71/7.3.26 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കി മറുപടിയിൽ എസ്റ്റിമേറ്റ് , Structural Design, Plan എന്നീ രേഖകൾ ഹാജരാക്കി. .ഡിപിആർ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് ആശുപത്രി കെട്ടിടനിർമ്മാണം ഏതു ഘട്ടത്തിൽ എത്തിയെന്നതിന്റെ വിശദാംശങ്ങളും തുടർ നടപടി സ്വീകരിച്ചതിന്റെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-30 രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

നഗരസഭ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് അടവാക്കിയ താഴെ പറയുന്ന ചെലവുകളുടെ കൈപ്പറ്റ് രശീതിക പരിശോധനക്ക് ഹാജരാക്കിയില്ല.

| ക്രമനമ്പർ | ഫയൽ നമ്പർ | പ്രൊജക്ട് നമ്പർ/പേര് | അടങ്കൽ | ചെലവ് | വൗച്ചർ നമ്പർ/ തിയതി |
|---|---|---|---|---|---|
| 1 | 313948-2025 | 4/25 ചെയർമാൻ ചേമ്പർ വിഹിതം നൽകൽ തനത് ഫണ്ട് | 1,00,000 | 1,00,000 | M100500-24001075/4.3.25 |
| 2 | 313943-2024 | 1198/25 ചെയർമാൻ ചേമ്പർ വിഹിതം നൽകൽ | 1,00,000 | 1,00,000 | M100500-24001076/4.3.25 |
| 3 | 313953-2024 | 612/25 ചെയർമാൻ ചേമ്പർ വിഹിതം നൽകൽ | 1,60,000 | 55,000 | M100500-24001077/4.3.25 |
| | | ആകെ | | 2,55,000 | |

കൈപ്പറ്റ് രശീതി ഹാജരാക്കണമെന്നാവശ്യപ്പെട്ട് നമ്പർ 39/5.3.26 പ്രകാരം എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 2,55,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-31 വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരമുള്ള തുകകൾ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചതിന്റെ

വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയില്ല.

| ക്രമനമ്പർ | പ്രൊജക്ട് നമ്പർ/ പേര് | ഫയൽ നമ്പർ | അടങ്കൽ | ചെലവ് | വൗച്ചർ നമ്പർ/ തിയതി |
|---|---|---|---|---|---|
| 1 | 1199/25, കണ്ണത്ത്പാറ- ചെമ്മങ്കടവ് റോഡ് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ വാർഡ് 20 | 21107-2025 | 3,00,000 | 3,00,000 | P-M100500-24001187/22.3.25 |
| 2(1) | പി പി കുഞ്ഞൻ സാഹിബ് സ്മാരക റോഡ് വാർഡ് 39 | 2759768-2024 | - | 18,656 | P-M100500-24001027/17.2.25 |
| 2(2) | അമ്പായക്കോട് റോഡ് വാർഡ്31 | 1782577-2024 | - | 35,908 | P-M100500-24001028/17.2.25 |
| 2(3) | പടിഞ്ഞാറെമുക്ക്- പറക്കാട്ടുപടി ചുണ്ടൂർ റോഡ് വാർഡ് 1 | 1376425-2025 | --- | 27,905 | P-M100500-24001162/15.3.25 |
| 2(4) | പൊട്ടിപ്പറ റോഡ് വാർഡ് 39 | 246457-2025 | ---- | 1,37,038 | P-M100500-24001216/24.3.25 |
| 2(5) | കളപ്പാടൻമുക്ക് റോഡ് വാർഡ് 39 | 247407-2025 | - | 22,793 | P-M100500-24001217/24.3.25 |
| 2(6) | തേക്കിൻകോട് റോഡ് വാർഡ് 17 | 2097686-2024 | ---- | 23,048 | P-M100500-24001217/24.3.25 |
| 2(7) | സാജു റോഡ് വാർഡ് 11 | 1187405-2025 | ----- | 55,667 | P-M100500-24001045/25.2.25 |
| | ആകെ | | | 6,21,015 | |

ഇതു സംബന്ധിച്ച് നമ്പർ 38/5.3.26 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപ ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക 6,21,015 രൂപ ഓഡിറ്റിൽ തടസ്സ ചെയ്യുന്നു.

## 1-32 മിനി ജല ട്രീറ്റ്മെന്റ് പ്ലാന്റ് -നിഷ്ക്രിയ ആസ്തിയായി തുടരുന്നു

നഗരസഭാ ബസ്സ് സ്റ്റാന്റ് പരിസരത്ത് മിനി ജല ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം (പ്രൊജക്ട് നമ്പർ 170/1 സംബന്ധിച്ച് 2018-19 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖ.1-25 ൽ പരാമർശിച്ചിരുന്നു. സെക്രട്ടറി നിർവഹണ നടത്തിയ മേൽ പ്രൊജക്ടിന് 28,50,000 രൂപ പ്ലാൻ ഫണ്ടിൽ നിന്നും ചെലവ് ചെയ്തിരുന്നു.

നഗരസഭ ബസ് സ്റ്റാന്റ് പരിസരത്ത് 30000 ലിറ്റർ സംഭരണശേഷിയുള്ള 30KLD MBR Based മിനി ജലട്രീറ്റ്മെന് പ്ലാന്റ് നിർമ്മിക്കുന്നതായിരുന്നു പദ്ധതി. ഇ-ടെണ്ടർ മുഖേന ഫ്ലോമാക്സ് വാട്ടർ ആലുവ എന്ന സ്ഥാപന മുഖേനയാണ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചത്.

നഗരസഭയിലെ ഹോട്ടലുകളിൽ നിന്നും മലിനജലം ശേഖരിച്ച് ശുദ്ധീകരിച്ച് കൃഷി ആവശ്യത്തി ഉപയുക്തമാക്കുകയാണ് ലക്ഷ്യമെന്നും, പദ്ധതിയിൽ പ്രതിമാസം 50,000 രൂപ വരുമാനം ലഭിക്കുന്ന രീതിയി ഹോട്ടൽ ആന്റ് റസ്റ്റോറന്റ്സ് അസോസിയേഷൻ മലപ്പുറം മുനിസിപ്പൽ കമ്മറ്റിയുമായി കരാറി ഏർപ്പെടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മാലിന്യത്തിൽ നിന്നും വരുമാനം എന്ന ആശയത്തിന്റെ സാക്ഷാത്ക്കാരമാണ് നഗരസഭ പ്രാവർത്തികമാക്കുന്നതെന്നുമാണ് വ്യക്തമാക്കിയിരുന്നത്. 24.01.2019 സ്ഥാപനവുമായി ഉടമ്പടി വെച്ചു. 15.03.2019 ന് പ്രവൃത്തി പൂർത്തീകരിച്ചു.

മലിനജലം ശുദ്ധീകരിക്കുന്നതിന് ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കുവാനു

നഗരസഭാപ്രദേശങ്ങളിൽ പൊതുസ്ഥലങ്ങളിലൂടെയോ, ഡ്രൈനേജുകളിലൂടെയോ മലിനജലം ഒഴുകുന്ന തടയുന്നതിനും പ്ലാന്റിന്റെ സുഗമമായ പ്രവർത്തനത്തിന് ഒരു ബൈലോ തയ്യാറാക്കുന്നതിനും നഗരസ തീരുമാനമെടുത്തു. 04.01.2020 ന് പ്ലാന്റിന്റെ ഉദ്ഘാടനം നടന്നു.

പ്ലാന്റിന്റെ പ്രവർത്തനം സംബന്ധിച്ച് ഉത്തരവാദപ്പെട്ട ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ 06.02.2020 സമർപ്പിച്ച റിപ്പോർട്ടിൽ പ്ലാന്റ് നാളിതുവരെയും പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുവാൻ പ്ലാന് സ്ഥാപിച്ച ഫ്ലോമാക്സ് എന്ന സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല എന്നും. പ്ലാന്റിൽ നിന്നും ദുർഗന്ധം വമിക്കുന്നതായ കമ്പനി ഉറപ്പു നൽകിയ പ്രതിദിനം 30,000 ലിറ്റർ മലിനജലം ശുദ്ധീകരിക്കുക എന്ന ലക്ഷ്യം നാളിതുവരെയ നിറവേറിയിട്ടില്ല എന്നും, പലതവണ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ റിപ്പയറിംഗ് /സർവ്വീസിം നടത്തിയെങ്കിലും പ്രയോജനപ്പെട്ടില്ലെന്നും, പ്രോസസിംഗ് ടാങ്കിന്റെ വശങ്ങൾ പുറത്തേക്ക് തള്ളിവരുന്നതായ ആയത് ഉറപ്പിച്ച ഇരുമ്പ് ചട്ടകൂടിന്റെ വെൽഡിംഗുകൾ തുരുമ്പിച്ചതായും ആയത് പൂർണ്ണമാ ബലപ്പെടുത്താത്ത പക്ഷം ടാങ്ക് പൊട്ടി അപകടം സംഭവിക്കാനുള്ള സാധ്യതയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പ്ലാന്റിന്റെ തകരാറുകൾ പരിഹരിക്കുവാൻ തയ്യാറാവാത്ത പക്ഷ പ്ലാന്റ് സ്ഥാപിച്ച കമ്പനിക്കെതിരെ കരാർ പ്രകാരം നിയമ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും പ്ലാന്റിന് സുഗമമായ പ്രവർത്തനത്തിന് ഒരു ബൈലോ തയ്യാറാക്കി നഗരസഭാ പ്രദേശങ്ങളിൽ പൊതുസ്ഥലങ്ങളിലൂടെയേ ഡ്രൈനേജുകളിലൂടെയോ ഒഴുകുന്ന മലിനജലം തടയേണ്ടതും, മലിനജലം ശുദ്ധീകരിക്കുന്നതി ഗുണഭോക്താക്കളിൽ നിന്നും തുകയീടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് പ്ലാന്റിന് പ്രവർത്തനം പൂർണ്ണതോതിൽ എത്തിക്കുവാൻ പരിശ്രമിക്കേണ്ടതുമാണ് എന്നും ഓഡിറ്റ് റിപ്പോർട്ടി നിർദേശിച്ചിരുന്നു.

6.3.2024 ന് നഗരസഭാ ബസ്സ് സ്റ്റാന്റിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പ്ലാന്റ് ഓഡിറ്റ് ടീം ഭൗതിക പരിശോധ നടത്തിയതിൽ പ്ലാന്റ് പിന്നീട് പ്രവർത്തിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടു. പ്ലാന്റ് നിഷ്ക്രിയ ആസ്തിയാ അവശേഷിക്കുകയാണ്. ഇതു സംബന്ധിച്ച് നമ്പർ 51/5.3.26 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡി എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ട നടപടിക സ്വീകരിക്കേണ്ടതും കരാർ ലംഘനം നടത്തിയ കമ്പനിക്കെതിരെ നിയമ നടപടി സ്വീകരിക്കുകയ ചെയ്യേണ്ടതാണ്.

## 1-33 അഡ്വാൻസ് തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിൽ പുരോഗതിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ലൈഫ് മിഷൻ -ഭവന നിർമ്മാണ പദ്ധതികളുടെ ഭാഗമായി മു വർഷങ്ങളിൽ അഡ്വാൻസ് തുക മാത്രം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവ നിർമ്മാണത്തിൽ പിന്നീട് പുരോഗതിയൊന്നും ഇല്ല എന്നാണ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഓഡിറ്റി ബോധ്യപ്പെട്ടത്. വിശദ വിവരം ചുവടെ:

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | DPR | കൈപ്പറ്റിയ ആകെ തുക | തുക കൈപ്പറ്റിയ തിയ്യതി | ചെക്ക് നം/ തിയ്യതി |
|---|---|---|---|---|---|
| 1. | ആയിശ, നൂറേങ്ങൽ കാവുതൊടി | 12 | 40,000 | 14.3.2023 | 005297/14.03.2025 |
| 2. | തസ്ലീന. സി.ടി., മേൽമുറി | 12 | 40,000 | 27.02.2023 | 005296/27.02.2023 |
| 3. | റസീല ഷിബിലി, മേൽമുറി | 12 | 40,000 | 27.02.2024 | 005296/27.02.2023 |
| 4. | മുആദ് പരി, മേൽമുറി | 12 | 40,000 | 5.09.2023 | 005310/5.09.2023 |
| 5. | ശാരദ, വെട്ടിക്കാടൻ | 12 | 40,000 | 27.02.2023 | 005296/27.02.2023 |
| 6. | സമീർ ബാബു, കറുത്തേടത്ത് | 12 | 40,000 | 27.02.2023 | 005296/27.02.2023 |
| 7. | ബീവി, നൂറേങ്ങൽ | 12 | 40,000 | 14.03.2023 | 005297/14.03.2025 |
| 8. | സജ്ന, കൂത്രാടൻ | 12 | 40,000 | 14.03.2023 | 005297/14.03.2025 |
| 9. | പ്രമോദ്, ചോലക്കൽ | 12 | 40,000 | 27.02.2023 | 005296/27.02.2023 |
| 10. | ത്വയ്യിബ, മുണ്ടുപറമ്പ് | 12 | 40,000 | 14.03.2023 | 005297/14.03.2025 |
| 11. | പരമേശ്വരൻ, | 12 | 40,000 | 14.03.2023 | 005297/14.03.2025 |

| | | | | | |
|---|---|---|---|---|---|
| | വെള്ളരി | | | | |
| 12. | സുഹൈൽ, തൂമ്പത്ത് | 12 | 40,000 | 1.02.2023 | 005296/27.02.2023 |
| 13. | റസീന, പരവക്കൽ | 12 | 40,000 | 14.03.2023 | 005297/14.03.2025 |
| 14. | ഷീജ, പുതിയ പറമ്പിൽ | 11 | 30,000 | 4.08.2022 | 005280/4.08.2022 |
| 15. | ഷക്കീല, പനമ്പുഴക്കൽ | 11 | 30,000 | 4.08.2022 | 005280/4.08.2022 |

പ്രസ്തുത ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പുരോഗതി വിവരവു ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/2.03.2026) നൽകിയ മറുപടിയിൽ അറിയിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | മറുപടി |
|---|---|---|---|
| 1. | ആയിശ, നൂറേങ്ങൽ കാവുതൊടി | 40,000 | പദ്ധതിയിൽ പുരോഗതിയില്ല. നോട്ടീസ് ഇഷ്യൂ ചെയ്തിട്ടുണ്ട്. |
| 2. | തസ്ലീന. സി.ടി., മേൽമുറി | 40,000 | തുക തിരികെ അടവാക്കാൻ തീരുമാനമായിട്ടുണ്ട്. |
| 3. | റസീല ഷിബിലി, മേൽമുറി | 40,000 | തുക തിരികെ അടവാക്കാൻ തീരുമാനമായിട്ടുണ്ട്. |
| 4. | മുഹമ്മദ് പരി, മേൽമുറി | 40,000 | തുക തിരികെ അടവാക്കാൻ തീരുമാനമായിട്ടുണ്ട്. |
| 5. | ശാരദ, വെട്ടിക്കാടൻ | 40,000 | തുക തിരികെ അടവാക്കാൻ തീരുമാനമായിട്ടുണ്ട്. |
| 6. | സമീർ ബാബു, കറുത്തേടത്ത് | 40,000 | തുക തിരികെ അടവാക്കാൻ തീരുമാനമായിട്ടുണ്ട്. |
| 7. | ബീവി, നൂറേങ്ങൽ | 40,000 | പദ്ധതിയിൽ പുരോഗതിയില്ല. നോട്ടീസ് ഇഷ്യൂ ചെയ്തിട്ടുണ്ട്. |
| 8. | സജ്ന, കൂത്രാടൻ | 40,000 | തുക തിരികെ അടവാക്കാൻ തീരുമാനമായിട്ടുണ്ട്. |
| 9. | പ്രമോദ്, ചോലക്കൽ | 40,000 | തുക തിരികെ അടവാക്കാൻ തീരുമാനമായിട്ടുണ്ട്. |
| 10. | ത്വയ്യിബ, മുണ്ടുപറമ്പ് | 40,000 | പദ്ധതിയിൽ പുരോഗതിയില്ല. നോട്ടീസ് ഇഷ്യൂ ചെയ്തിട്ടുണ്ട്. |
| 11. | പരമേശ്വരൻ, വെള്ളരി | 40,000 | തുക തിരികെ അടവാക്കാൻ തീരുമാനമായിട്ടുണ്ട്. |
| 12. | സുഹൈൽ, തൂമ്പത്ത് | 40,000 | പദ്ധതിയിൽ പുരോഗതിയില്ല. |

| | | | |
|---|---|---|---|
| | | | നോട്ടീസ് ഇഷ്യൂ ചെയ്തിട്ടുണ്ട്. |
| 13. | റസീന, പരവക്കൽ | 40,000 | തുക തിരികെ അടവാക്കാൻ തീരുമാനമായിട്ടുണ്ട്. |
| 14. | ഷീജ, പുതിയ പറമ്പിൽ | 30,000 | പദ്ധതിയിൽ പുരോഗതിയില്ല. നോട്ടീസ് ഇഷ്യൂ ചെയ്തിട്ടുണ്ട്. |
| 15. | ഷക്കീല, പനമ്പുഴക്കൽ | 30,000 | പദ്ധതിയിൽ പുരോഗതിയില്ല. നോട്ടീസ് ഇഷ്യൂ ചെയ്തിട്ടുണ്ട്. |

അഡ്വാൻസ് തുക കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞതിനാൽ ഭവന നിർമ്മാണം പുരോഗതിയില്ലാത്തതും പദ്ധ ഉപേക്ഷിച്ചതുമായ ഗുണഭോക്താക്കളിൽ നിന്നും അഡ്വാൻസ് തുക പലിശ സഹിതം തിരികെ ഈടാക്കി വിവര അറിയിക്കേണ്ടതുമാണ്.

## 1-34 അംഗനവാടികൾ സ്മാർട്ട് ആക്കൽ-അവലോകനം

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ അംഗനവാടികൾ സ്മാർട്ട് ആക്ക പദ്ധതികൾ പ്രകാരം 2024-25 വർഷത്തിൽ അംഗീകാരം ലഭിച്ച ആകെ 29 പദ്ധതികളിൽ താഴെ പറയുന്ന പദ്ധതികൾ ആണ് പൂർത്തീകരിച്ചത്.

| ക്രമ നം | പദ്ധതി പേര് | പദ്ധതി നമ്പർ | അടങ്കൽ | ചെലവ് | ചെലവിനം | ബിൽ നമ്പർ |
|---|---|---|---|---|---|---|
| 1. | കൂട്ടമണ്ണ അങ്കണവാടി സെന്റർ നമ്പർ 127 സ്മാർട്ട് ആക്കൽ വാർഡ് 13 | 1084 | 308734 | 308505 | MG-NR | 24150147002601674368/24.03.2025 |
| 2. | കൈനോട് അങ്കണവാടി സെന്റർ നമ്പർ 140സ്മാർട്ട് ആക്കൽ വാർഡ് 31 | 1088 | 313846 | 313344 | MG-NR | 24150147002601674361/24.03.2025 |
| 3. | പൈത്തിനിപ്പറമ്പ് അങ്കണവാടി സെന്റർ നമ്പർ 110 സ്മാർട്ട് ആക്കൽ വാർഡ് 26 | 1087 | 345721 | 342714 | MG-NR | 24150147002601674384/24.03.2025 |
| 4. | മൂന്നാം പടി അങ്കണവാടി സെന്റർ നമ്പർ 116 സ്മാർട്ട് ആക്കൽ വാർഡ് 17 | 1081 | 362197 | 359203 | MG-NR | 24150147002601674306/24.03.2025 |
| 5. | കാളമ്പാടി അങ്കണവാടി സെന്റർ നമ്പർ 129 സ്മാർട്ട് ആക്കൽ വാർഡ് 13 | 1092 | 376952 | 374548 | MG-NR | 24150147002601674391/24.03.2025 |

| | | | | | | |
|---|---|---|---|---|---|---|
| 6. | മുട്ടിപ്പടി അങ്കണവാടി സെന്റർ നമ്പർ 101സ്മാർട്ട് ആക്കൽ വാർഡ് 4 | 1104 | 237351 | 207679 | MG-NR | 24150147002601674353/24.03.2025 |
| 7. | ശാന്തി നഗർഅങ്കണവാടി സെന്റർ നമ്പർ 124സ്മാർട്ട് ആക്കൽ വാർഡ് 19 | 1097 | 240715 | 208376 | MG-NR | 24150147002601674377/24.03.2025 |
| 8. | കാളന്തട്ട അങ്കണവാടി സെന്റർ നമ്പർ 137 സ്മാർട്ട് ആക്കൽ വാർഡ് 23 | 1101 | 238572 | 208376 | MG-NR | 24150147002601700963/25.03.2025 |
| 9. | കോട്ടക്കുന്ന് അങ്കണവാടി സെന്റർ നമ്പർ 115 സ്മാർട്ട് ആക്കൽ വാർഡ് 16 | 1100 | 246876 | 213687 | MG-NR | 24150147002601700942/25.03.2025 |
| 10. | വലിയവരമ്പ് അങ്കണവാടി സെന്റർ നമ്പർ 138 സ്മാർട്ട് ആക്കൽ വാർഡ് 23 | 1102 | 243510 | 213689 | MG-NR | 24150147002601674399/24.03.2025 |
| 11. | നടക്കാവ് അങ്കണവാടി സെന്റർ നമ്പർ 105 സ്മാർട്ട് ആക്കൽ വാർഡ് 28 | 1103 | 243716 | 213697 | MG-NR | 24150147002601701011/25.03.2025 |
| 12. | പാണക്കാട് കുന്നുമ്മൽ അങ്കണവാടി സെന്റർ നമ്പർ 147 സ്മാർട്ട് ആക്കൽ വാർഡ് 36 | 1118 | 247219 | 215388 | MG-NR | 24150147002601700953/25.03.2025 |
| 13. | നൂറേങ്ങൽമുക്ക് അങ്കണവാടി സെന്റർ നമ്പർ 96 സ്മാർട്ട് ആക്കൽ വാർഡ് 2 | 1119 | 248545 | 215411 | MG-NR | 24150147002601701002/25.03.2025 |
| 14. | ചുങ്കം അങ്കണവാടി സെന്റർ നമ്പർ 107 സ്മാർട്ട് ആക്കൽ വാർഡ് 40 | 1112 | 250748 | 220288 | MG-NR | 24150147002601700990/25.03.2025 |

| | | | | | | |
|---|---|---|---|---|---|---|
| 15. | കിഴക്കേത്തല അങ്കണവാടി സെന്റർ നമ്പർ 113 സ്മാർട്ട് ആക്കൽ വാർഡ് 25 | 1105 | 257379 | 224305 | MG-NR | 24150147002601700972/25.03.2025 |
| 16. | നെച്ചിക്കുറ്റി അങ്കണവാടി സെന്റർ നമ്പർ 126 സ്മാർട്ട് ആക്കൽ വാർഡ് 12 | 1107 | 269906 | 236853 | MG-NR | 24150147002601700982/25.03.2025 |
| 17. | മച്ചിങ്ങൽ അങ്കണവാടി സെന്റർ നമ്പർ 111 സ്മാർട്ട് ആക്കൽ വാർഡ് 5 | 1099 | 247087 | 247027 | MG-NR | 24150147002601700995/25.03.2025 |

അംഗനവാടികൾ അക്രഡിറ്റഡ് ഏജൻസി വഴി സ്മാർട്ട് ആക്കുന്നതിനുള്ള പ്രവൃത്തികളാണ് പദ്ധതിയി ലക്ഷ്യം വെക്കുന്നത്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ARTCO-യുമായി 8.10.2024 പ്രാബല്യത്തിൽ കരാറി ഏർപ്പെട്ടിട്ടുണ്ട്.

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി

1) നഗരസഭ പരിധിയിലെ 17 അംഗനവാടികളിലെ ചുമർ ചിത്രം, പെയിന്റിംഗ് വർക്കുകളും ടോയ്സ് ഉൾപ്പെ വിവിധ ഉപകരണങ്ങൾ ലഭ്യമാക്കലുമാണ് 2024-25 ലെ പദ്ധതികൾ പ്രകാരം ചെയ്തത്. ഇതിൽ അംഗനവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിൽ 101, 96, 147 നമ്പർ അംഗനവാടികൾക്ക നിലവിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ഉള്ളതും കെട്ടിട നിർമ്മാണം ആരംഭിച്ചതുമാണ എന്നാൽ വർഷങ്ങളായിട്ടും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത സാഹചര്യത്തിൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയാണ് ചെയ്യേണ്ടത്. എന്നാ നഗരസഭ വാടക കെട്ടിടത്തിലുള്ള പ്രസ്തുത അംഗനവാടികൾ സ്മാർട്ട് ആക്കുന്നതിന് ഫ ചെലവഴിക്കുകയാണ് ചെയ്തത്.

**2)** നടപ്പിലാക്കിയ പദ്ധതികളിൽ നിശ്ചിത ഗുണനിലവാര പ്രകാരം പ്രവൃത്തി നടത്തിയോ എന്ന നിർവഹണോദ്യോഗസ്ഥയോ മറ്റ് ഏതെങ്കിലും ക്ഷമതയുള്ള ഉദ്യോഗസ്ഥരോ പരിശോധി. സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**3)** പദ്ധതിയുടെ ഭാഗമായി AC, TV തുടങ്ങിയ ഉപകരണങ്ങൾ ഉൾപ്പടെ വാങ്ങി സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയ വാറണ്ടി ഉൾപ്പെടെയുള്ള വിവരങ്ങൾ ചേർത്ത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. അതാത് അംഗനവാ ടീച്ചർമാരുടെ കൈപ്പറ്റും സ്റ്റോക്ക് സാക്ഷ്യപത്രവും മാത്രമാണ് ലഭ്യമാക്കിയത്. കേരള ഫിനാൻഷ്യൽ കോ പ്രകാരം ഉപകരണങ്ങൾ ചട്ടപ്രകാരം സ്റ്റോക്കിലെടുത്ത് ബിൽ ഓഫീസ് പകർപ്പിൽ അക്കാര്യം രേഖപ്പെടുത്തി ശേഷമാണ് തുക അനുവദിക്കാവുന്നത്. ആയത് പാലിച്ചിട്ടില്ല.

അപാകതകൾ ശ്രദ്ധയിൽപെടുത്തി നൽകിയ 74/7.03.2026 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കി മറുപടിയിൽ കെട്ടിട നിർമ്മാണങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടിക സ്വീകരിക്കുമെന്നും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുമെന്നും അറിയിച്ചു. തുടർ നടപടി വിവര അറിയിക്കേണ്ടതാണ് .

## 1-35 ഓണം അഡ്വാൻസ് - തിരിച്ചടവ് വിവരം ലഭ്യമാക്കേണ്ടതാണ്.

നഗരസഭ 2024-25 സാമ്പത്തിക വർഷത്തിൽ ജീവനക്കാർക്ക് ഓണം അഡ്വാൻസ് ഇനത്തിൽ 3,95,000 രൂ അനുവദിച്ചിരുന്നു. (വൗച്ചർ നമ്പർ P-M100500-24000522/12.9.24) .വാർഷിക കണക്ക് (ഷെഡ്യൂൾ B-18) പ്രകാ 2024-25 വർഷം 75,502 രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. അഡ്വാൻസ് രജിസ്റ്റർ പ്രകാരം താ പറയുന്ന ജീവനക്കാരിൽ നിന്നും താഴെ പറയും പ്രകാരം 74,000 രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു.

| ക്രമനമ്പർ | ജീവനക്കാരന്റെ പേര്/ ഉദ്യോഗപ്പേര് | അനുവദിച്ച തുക | തിരിച്ചടവാക്കിയത് | അടവാക്കുവാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| 1 | പ്രമോദ് ദാസ് | 20,000 | 0 | 20,000 |

| | | | | |
|---|---|---|---|---|
| | സൂപ്രണ്ട് | | | |
| 2 | ജംഷീദ് ഇ കെ സീനീയർ ക്ലർക്ക് | 20,000 | 0 | 20,000 |
| 3 | ശിവൻ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 20,000 | 0 | 20,000 |
| 4 | മായ ക്ലർക്ക് | 20,000 | 12,000 | 8000 |
| 5 | സിജിൻ ബിൽ കളക്ടർ | 10,000 | 6000 | 4000 |
| 6 | ദിലീപ് പി കെ ക്ലർക്ക് | 10,000 | 8000 | 2000 |
| | ആകെ | | | 74,000 |

ഓണം അഡ്വാൻസ് തിരിച്ചു പിടിക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 9/27.2.26 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്ന ജീവനക്കാരിൽ നിന്നും ഓണം അഡ്വാൻസ് പൂർണ്ണമായും തിരിച്ചു പിടിക്കുവാനുള്ള നടപടികൾ സ്വീകരിച്ച വരുന്നതായി എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. മുൻകൂറുകൾ നൽകിയ തു തിരിച്ചടവാക്കിയിട്ടില്ലെങ്കിൽ 18% പലിശ സഹിതം തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-36 നഗരസഭയിലെ വാഹനങ്ങളുടെ ഉപയോഗം- അപാകതകൾ പരിഹരിക്കേണ്ടതാണ്.

1. ധനകാര്യ (ഐ.ടി,സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാര സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇന എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളി ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടം കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധി. വിവരങ്ങൾ "Vehicle Management And Location Tracking System (VEELS)" എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പാ രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവു ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്. വാഹനത്തിന്റെ വിവരങ്ങൾ, VEELS ചേർത്തതിന്റെ വിവരങ്ങൾ പരിശോധനക ഹാജരാക്കിയില്ല.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് സ.ഉ (എം.എസ്) നം.170/( ത.സ്വ.ഭ.വ തി.30.6.2007 പ്രകാരം പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തി വാഹനങ്ങളുടെ ലോഗ് ബുക്ക് സൂക്ഷിപ്പ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടു .

1. ഓരോ മാസാവസാനവും ലോഗ് ബുക്ക് സംക്ഷിപ്തം തയ്യാറാക്കേണ്ടതാണ്. എന്നാൽ അപ്രകാരം സംക്ഷിപ്ത തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക് ഇടക്കിടെ പരിശോധിക്കേണ്ടതും വാഹന ഉപയോ ക്രമപ്രകാരമാണെന്ന് ഉറപ്പ് വരുത്തേണ്ടതും പരിശോധന വിവരം രേഖപ്പെടുത്തേണ്ടതുമാണ്. എന്നാ അപ്രകാരം ചെയ്തിട്ടില്ല.

3. ഓരോ വാഹനത്തിന്റെയും ഇന്ധനക്ഷമതാ പരിശോധന വർഷത്തിലൊരിക്കൽ പി.ഡബ്ള്യു.ഡ മെക്കാനിക്കൽ വിഭാഗം/മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെകൊണ്ട നടത്തിക്കേണ്ടതാണ്. പ്രസ്തുത ഉദ്യോഗസ്ഥൻ ഇത് സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ലോഗ് ബുക്കി രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ഇന്ധനക്ഷമതാ പരിശോധന നടത്തിയതിന്റെ സർട്ടിഫിക്ക ഹാജരാക്കിയില്ല.

4. ലോഗ് ബുക്കിന്റെ എല്ലാ കോളങ്ങളിലും രേഖപ്പെടുത്തൽ വരുത്തുന്നില്ല. ( Eg:- Period Of Halt,Initials Of T Controlling Officer)

5. ഫ്യുവൽ അക്കൗണ്ട് കോളങ്ങൾ വുഴുവനായി പൂരിപ്പിക്കാതെ വാങ്ങിയ ഡീസലിന്റെ വിവരം മാത്രമാ ചേർക്കുന്നത്. ഫ്യുവൽ നിറക്കുന്നത് സൂപ്പർവൈസിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

6.സ്പെയർ പാർട്സുകൾ മാറ്റുന്നതിന്റെയും,സർവ്വീസ് റിപ്പയർ എന്നിവയുടെയും വിശദാംശം ലോ

ബുക്കിൽ അതേ തിയതിയിൽ തന്നെ ചേർക്കേണ്ടതും സുക്ഷിപ്പുകാരനായ ഓഫീസ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇപ്രകാരം രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.റിപ്പയ മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

7 ഉപയോഗ ശൂന്യമായ വാഹനങ്ങളുടെ വിവരം ലഭ്യമാക്കിയില്ല.

8 നഗരസഭയിലെ വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനം ഹാജരാക്കിയില്ല.

ഇതു സംബന്ധിച്ച് നമ്പർ 7/27.2.26പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിഭ മറുപടി ലഭ്യമാക്കിയില്ല.വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച രേഖകൾ കൃത്യമായി സൂക്ഷിക്കുകയു അപാകതകൾ പരിഹരിക്കുകയും ചെയ്യേണ്ടതാണ്.

**1-37 ഭവന പുനരുദ്ധാരണം- Valuation Certificate, സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.**

ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ ഭവന പുനരുദ്ധാരണം-SC (530/ 2024-25) എന്ന പദ്ധതി പ്രകാര വീട് പുനരുദ്ധാരണത്തിന് തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ SC വകുപ്പിൽ നിന്നു സാക്ഷ്യപത്രം , Valuation Certificate എന്നിവ ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ:

**അടങ്കൽ**: 9,50,000 (12,00,000വികസന ഫണ്ട് -SCP)

ചെലവ്: 625,000 (വികസന ഫണ്ട് -SCP )

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നമ്പർ/തിയ്യതി |
|---|---|---|---|
| 1. | ഷൺമുഖദാസ്.പി.കെ. | 25,000 | 24150147002300141509/13.05.2024 |
| 2. | ഭാസ്കരൻ | 25,000 | 24150147002300141509/13.05.2024 |
| 3. | വിനോദ്കുമാർ | 25,000 | 24150147002300141509/13.05.2024 |
| 4. | അനിത.പി. | 25,000 | 241501470023001539726/14.03.2025 |
| 5. | പ്രമീള.എൻ. | 25,000 | 24150147002300879757/8.11.2024 |
| 6. | പ്രജിത.കെ. | 25,000 | 24150147002300879757/8.11.2024 |
| 7. | റോഷ്നി.ടി.എം. | 25,000 | 24150147002300879757/8.11.2024 |
| 8. | സുരേഷ്കുമാർ.പി. | 25,000 | 24150147002300879757/8.11.2024 |
| 9. | സുബ്രമണ്യൻ.ടി. | 25,000 | 24150147002300879757/8.11.2024 |
| 10. | ഷീജ.പി. | 25,000 | 24150147002300879757/8.11.2024 |
| 11. | വനജ | 25,000 | 24150147002300879757/8.11.2024 |
| 12. | ചാത്തൻ.പി. | 25,000 | 24150147002300879757/8.11.2024 |
| 13. | ദേവകി. | 25,000 | 24150147002301077547/21.12.2024 |
| 14. | ജയരാജൻ.വി. | 25,000 | 24150147002301077547/21.12.2024 |
| 15. | ശിവശങ്കരൻ.കെ. | 25,000 | 24150147002301087765/24.12.2024 |
| 16. | ഷിബി.എൻ.ബി. | 25,000 | 24150147002301087765/24.12.2024 |
| 17. | അയ്യപ്പൻ.കെ.പി. | 25,000 | 24150147002301186887/17.1.2025 |
| 18. | ജയശ്രീ.എം. | 25,000 | 24150147002301186887/17.1.2025 |
| 19. | ബാലൻ.കെ.പി. | 25,000 | 24150147002301206371/21.01.2025 |
| 20. | ജാനകി.കെ. | 25,000 | 24150147002301310114/11.02.2025 |
| 21. | മണി.പി. | 25,000 | 24150147002301310114/11.02.2025 |
| 22. | നാരായണി പടിപ്പിങ്ങൽ | 25,000 | 24150147002301310114/11.02.2025 |
| 23. | ശാരദ.പി.കെ. | 25,000 | 24150147002301310114/11.02.2025 |
| 24. | സരോജ | 25,000 | 24150147002301453799/7.03.2025 |
| 25. | ശാരദ.എ. | 25,000 | 24150147002301453799/7.03.2025 |
| | | **625000** | |

പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (64/6.03.2026) മറുപ ലഭ്യമാക്കിയിട്ടില്ല. കൃത്യമായ Valuation നടത്താതെ എന്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെ വ്യക്തമല്ല. പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവു തു **625000 രൂപ** തടസ്സം ചെയ്യുന്നു.

## 1-38 സെക്രട്ടറിയുടെ ശമ്പളം സർക്കാരിലേക്ക് തിരിച്ചടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 48(3) പ്രകാരം മുനിസിപ്പൽ സെക്രട്ടറിമാർക്ക് കൊടുക്കുന്ന മുഴുവ ശമ്പളവും, അലവൻസുകളും, കൂടാതെ അവധിക്കാല ശമ്പളം, പെൻഷൻ, പ്രൊവിഡന്റ് ഫണ്ട്, അംശാദായങ്ങള മുനിസിപ്പാലിറ്റി സർക്കാർ ഫണ്ടിലേക്ക് മാസം തോറും അടവാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2024- സാമ്പത്തിക വർഷത്തിൽ ശ്രീമതി ഹസീന കെ പി മുനിസിപ്പൽ സെക്രട്ടറിയുടെ ശമ്പളം/അലവൻസ് ഇനത്തി 8,61,374 രൂപ(71530*1, 72774*6, 70640*5) ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ആയത് സർക്കാരിലേ തിരിച്ചടവാക്കിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 14/2.3.36 പ്രകാര ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടി വിവര അറിയിക്കേണ്ടതാണ്.

## 1-39 ലൈബ്രറി സെസ്സ് സമയബന്ധിതമായി അടവാക്കേണ്ടതാണ്.

വസ്തു നികുതിയോടൊപ്പം ഓരോ അർദ്ധ വർഷവും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് പ്രസ്തു അർദ്ധവർഷം കഴിഞ്ഞ് 30 ദിവസത്തിനകം സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് അടയ്ക്കേണ്ടതാണെന്നു ഈടാക്കിയ ലൈബ്രറി സെസ്സ് കൃത്യസമയത്ത് ലൈബ്രറി കൗൺസിലിലേക്ക് അടവാക്കിയിട്ടില്ലെങ്കിൽ 2 പിഴപ്പലിശ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണെന്നും 29.12.2000 ലെ സർക്കുലർ നമ്പർ 17263/ ത.സ്വ.ഭ.വ, പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ലൈബ്രറി സെ അടവാക്കിയതിൽ മേൽ സർക്കുലറിലെ സമയനിഷ്ഠ പാലിച്ചിട്ടില്ല. തുക അടവാക്കിയതിന്റെ വിവരം താ ചേർക്കുന്നു.

ഫയൽ നമ്പർ . 1860396 -2024

| സാമ്പത്തിക വർഷം. | തുക. | അടവാക്കേണ്ട തീയതി. | അടവാക്കിയ തീയതി. | വൗച്ചർ നമ്പർ/തീയതി./ തുക |
|---|---|---|---|---|
| 2023-24 രണ്ടാം അർദ്ധ വർഷം. | 1182484 | 30.4.2024 | 30.8.2024 | P-M 100500-24000440/ 30.8.24 |

ലൈബ്രറി സെസ്സ് അടവാക്കുന്നതിൽ സർക്കുലർ നിർദ്ദേശം പാലിക്കാത്തതിന്റെ കാരണ വ്യക്തമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നമ്പർ 8/27.2.26 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡി എൻക്വയറിക്കുള്ള മറുപടിയിൽ കെ-സ്മാർട്ട് സംബന്ധിച്ച സാങ്കേതിക തകരാർ കാരണമാ സമയബന്ധിതമായി ലൈബ്രറി സെസ്സ് അടവാക്കുവാൻ കഴിയാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. ലൈബ്രറിസെ സമയബന്ധിതമായി അടവാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-40 എസ്.എസ്.കെ.വിഹിതം നൽകൽ -വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

പ്രിൻസിപ്പാൾ നിർവഹണം നടത്തിയ എസ്.എസ്.കെ. വിഹിതം നൽകൽ എന്ന പ്രോജക്റ്റിന് നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | എസ്.എസ്.കെ. വിഹിതം നൽകൽ (369/25) |
| അടങ്കൽ/ ഫണ്ട് | 5,00,000/ വികസനഫണ്ട് ജനറൽ |
| ചെലവ് | 5,00,000/-, |
| BRN | 241501470029016O1957/20.03.2025, Rs.500000 |

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.86/202 ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം നഗരസഭകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തു എസ്.എസ്.കെ. പ്രൊജക്ടുകൾക്ക് വകയിരുത്തണമെന്നും എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരള പ്രൊജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർ പങ്കാളിത്തത്തോടെയായിരിക്കണമെന്നും പ്രൊജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേര വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 8.6(4) പ്രകാ തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രൊജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരേ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭര സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണമെന്നും എസ്.എസ്.കെ. വിഹിതവും തദ്ദേ ഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന പദ്ധതികളിൽ തദ്ദേശ ഭരണസ്ഥാപ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണമെന്നും മേൽ ഉത്തരവി നിർദ്ദേശമുള്ളതാണ്. നഗരസഭ കൈമാറിയ തുക നഗരസഭാ പരിധിയിൽപ്പെട്ട സ്ക്കൂളുകളി ചെലവഴിച്ചതിന്റെ ഇനം തിരിച്ചുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം മേലുത്തരവിന്റെയടിസ്ഥാനത്തി എസ്.എസ്.കെ. ലഭ്യമാക്കേണ്ടതുണ്ട്.

എന്നാൽ നഗരസഭ കൈമാറിയ തുകയ്ക്കുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.കെ ലഭ്യമാക്കിയിട്ടില്ല. നഗരസഭാ പരിധിയിലുള്ള ഓരോ സ്കൂളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ / പരിപാടിക നഗരസഭയെ അറിയിച്ചിട്ടുമില്ല. നഗരസഭാ ഭാരവാഹികളുടെ ഇടപെടലോ പങ്കാളിത്തമോ പ്രോജക് നിർവ്വഹണത്തിൽ ഉണ്ടായതായി വിവരം ലഭ്യമാക്കിയിട്ടുമില്ല. വിശദമായ വിനിയോഗ സാക്ഷ്യപത്ര എസ്.എസ്.കെ.യിൽ നിന്നും ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡി

എൻകയറി നം. 44/ 2024-25/5.3.2026ന് ലഭ്യമാക്കിയ മറുപടിയോടൊപ്പം വിശദമായ വിനിയോഗ സാക്ഷ്യപത്ര ഉൾകൊള്ളിച്ചിട്ടില്ല. വിശദമായ വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.കെ.യിൽ നിന്നും ലഭ്യമാക്ക പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-41 കോമൺ യൂണിവേഴ്സിറ്റി എൻട്രൻസ് ടെസ്റ്റ് പരിശീലനം- തുക അധികം നൽകി

പ്രൊജക്ട്: സി.യു.ഇ.ടി പരിശീലനം (351/ 25) (സ്പിൽ ഓവർ)

അടങ്കൽ: 10,00,000/- (പൊതുവിഭാഗം സാധാരണ വിഹിതം)

ചെലവ്: 10,00,000/- (TRN: 24150100000032517/20.2.2025)

പ്രിൻസിപ്പാൾ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിലേക്കായി 09.12.2024 തീയതിയിൽ ക്വട്ടേഷൻ നോട്ടീ പുറപ്പെടുവിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത Enskool Learning LLP, മലപ്പുറം (മണിക്കൂറിന് 1500 രൂ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ കൗൺസിലിന്റെ 20.12.2024 ലെ 16/1 നമ്പർ തീരുമാന പ്രകാ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവ കൊടുക്കുന്നു.

1) 40 ദിവസം 8 ബാച്ചുകൾക്കായി ഒരു ദിവസം 2 മണിക്കൂർ വീതം ആകെ 80 മണിക്കൂർ ക്ലാസുകളാ പദ്ധതിയിലൂടെ നൽകിയിട്ടുള്ളത്. ആയത് പ്രകാരം വരുന്ന ചെലവ് ചുവടെ കൊടുക്കുന്നു.

(8ബാച്ച്) X (2 മണിക്കൂർ ) X (40 ദിവസം) X (1500 രൂപ ) =9,60,000/- രൂപ

എന്നാൽ Enskool Learning LLP സമർപ്പിച്ച ഇൻവോയ്സ് നമ്പർ 0803/25 തീയതി 08.02.2025 പ്രകാരം കോച്ചിംഗി 10,00,000/- രൂപ കണക്കാക്കി 18% ജി.എസ്.ടി ഉൾപ്പെടെ 11,80,000/- രൂപയുടെ ഇൻവോയ്സ് നൽകുകയുംപ്രസ്തു തുക ലിമിറ്റ് ചെയ്ത് 10,00,000/- രൂപ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.വിശദ വിവരം ചുവ കൊടുക്കുന്നു.

| ക്ലാസ് വിവരം | തുക | ജി.എസ്.ടി | ജി.എസ്.ടി ഉൾപ്പെടെയുള്ള തുക |
|---|---|---|---|
| സി.യു.ഇ.ടി കോച്ചിംഗ് | 10,00,000 | 1,80,000 | 11,80,000 |

ടി ഇൻവോയ്സിൽ 10,00,000 രൂപ കണക്കാക്കിയത് എങ്ങനയാണ് എന്ന് വ്യക്തമല്ല. പ്രൊക്യുവർമെന് മാന്യുവൽ ജി. ഒ(പി) നം.259/2010 ത.സ്വ.ഭ.വ തീയതി 08.11.2010 ഖണ്ഡിക 5.1 പ്രകാരം ടെണ്ടറിൽ ക്വാട്ട് ചെയ് തുകയിൽ നികുതി ഒഴികെ എന്ന് പ്രത്യേകം പരാമർശിക്കാത്ത പക്ഷം ക്വാട്ട് ചെയ്ത നിരക്ക് മുഴുവൻ നികു ഉൾപ്പെടെയാണെന്ന് കണക്കാക്കേണ്ടതാണ്.
2). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യുവർമെന്റ് മാർഗ്ഗരേഖ ജി. ഒ.(പി) നം. 259/2010/ത.സ്വ.ഭ. തീയതി 08.11.2010, ജി. ഒ.(പി) നം. 07/2014/ എസ്.പി.ഡി തീയതി 28.08.2014 എന്നിവ പ്രകാരം എസ്റ്റിമേറ്റ് തുക 1,00,0 (ഒരു ലക്ഷം) രൂപയ്ക്ക് മുകളിലും 10,00,000/- (പത്ത് ലക്ഷം) വരയുമുള്ള വാങ്ങലുകളും സേവനങ്ങളും ലിമിറ്റ ടെണ്ടർ മുഖേനയാണ് നടപ്പിലാക്കേണ്ടത്. എന്നാൽ സ്ഥാപനത്തെ ക്വട്ടേഷൻ നടപടികളിലൂടെ തെരഞ്ഞെടുത്താ മേൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.
മേൽ അപാകതക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 45/20204-2 5.3.2026 ന് ലഭ്യമാക്കിയ മറുപടിയിൽ യഥാർത്ഥത്തിൽ 9 ബാച്ചുകൾക്ക് പരിശീലനം നൽകിയതെന്നും ക്ലറിക്ക മിസ്റ്റേക്ക് മൂലമാണ് 8 ബാച്ചുകൾക്ക് എന്ന് എഴുതിയതെന്നും അറിയിച്ചു. 9 ബാച്ചുകളിൽ മുനിസിപ്പാലി ചെയർപേഴ്സൺ അടക്കമുള്ളവർ സന്ദർശനം നടത്തിയരേഖകളും അറ്റൻഡൻസ് ബുക്കും ഹാജരാക്ക പ്രാദേശികമായി പരിശീലകരെ ലഭിക്കുന്നതിന് വേണ്ടിയാണ് ക്വട്ടേഷൻനൽകിയതെന്നും 1ലക്ഷത്തിന് മുതൽ ലക്ഷം വരേയുള്ളവയ്ക്ക് ലിമിറ്റഡ്ടെണ്ടർ ക്ഷണിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെ ഫയലുകൾ കൃത്യമായ വിവരങ്ങൾ ചേർത്ത് സൂക്ഷിക്കേണ്ടതാണ്. വാങ്ങൽ നടപടികളിൽ സ്റ്റോർ പർച്ചേ മാന്വൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

## 1-42 നഗരസഭയിലെ സ്കൂളുകളിൽ നിന്നും SSLC പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും കരിയർ ഗൈഡൻസ് - തുക അധികം നൽകി

പ്രൊജക്ട്: നഗരസഭയിലെ സ്കൂളുകളിൽ നിന്നും എസ്.എസ്.എൽ.സി. പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക അവരുട രക്ഷിതാക്കൾക്കും കരിയർ ഗൈഡൻസ് (532/ 25) (സ്പിൽ ഓവർ)

അടങ്കൽ: 2,00,000/- (പൊതുവിഭാഗം സാധാരണ വിഹിതം)

ചെലവ്: 2,00,000/- (TRN: 24150100000004480 / 21.05.2024)

പ്രിൻസിപ്പാൾ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിലേക്കായി 25.08.2023 തീയതിയിൽ ക്വട്ടേഷൻ നോട്ടീ പുറപ്പെടുവിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത Enskool Learning LLP, മലപ്പുറം (മണിക്കൂറിന് 2000/- രൂ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ കൗൺസിലിന്റെ 30.09.2023ലെ 77-ാം നമ്പർ തീരുമാന പ്രകാ

അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകത ചുവ കൊടുക്കുന്നു.

23.12.2023 മുതൽ 30.12.2023 വരെ തീയതികളിൽ ആകെ 12 ബാച്ചുകൾ ആയാണ് കരിയർ ഗൈഡൻസ് ക്ലാ നൽകിയത്. നിർവഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് ഒരു ദിവസം അഞ്ചുമണിക്കൂർ ക്ലാസ് നൽ എന്നാണ്റിപ്പോർട്ടിൽ രേഖപ്പെടുത്തിയത് . 12 ബാച്ചുകളുടേയും അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം 2148 പേരാ ഹാജർ രേഖപ്പടുത്തിയത്. ഫയൽ രേഖകൾ പ്രകാരം ഒരേ തീയതികളിൽ തന്നെ വ്യത്യസ്ത ബാച്ചുകൾക്ക് ക്ലാ നൽകിയിട്ടുമുണ്ട്. ആയത് ഒരുമിച്ചിരുന്നാണോ വ്യത്യസ്ത സമയങ്ങളിലാണോ എന്ന് വ്യക്തമാക്കുന്നതിന് ക്ലാ നടത്തിയ സമയം രേഖപ്പടുത്തിയിട്ടില്ല. എന്നിരുന്നാലും ഓരോ ബാച്ചിനും വ്യത്യസ്ത 5 മണിക്കൂറുക അനുവദിച്ചു എന്ന് കണക്കാക്കിയാൽ പോലും 1,20,000/- രൂപയാണ് കൊട്ടേഷൻ പ്രകാരം നൽകേണ്ടത്. (12 ബാച്ച് 5 മണിക്കൂർ X 2000 = 1,20,000/- )

എന്നാൽ Enskool Learning LLP സമർപ്പിച്ച ഇൻവോയ്സ് നമ്പർ 0230/24 തീയതി 11.03.2024 പ്രകാരം കരിയ ഗൈഡൻസിന് ഒരു കുട്ടിക്ക് 80 രൂപ നിരക്കിൽ ആകെ 2500 കുട്ടികൾക്ക് 2,00,000/-രൂപ കണക്കാക്കി 18% ജി.എസ്. ഉൾപ്പെടെ 2,36,000/- രൂപയുടെ ഇൻവോയ്സ് നൽകുകയും ലിമിറ്റ് ചെയ്ത് 2,00,000/- രൂപ അനുവദിച്ച് നൽകുകയു ചെയ്തിട്ടുണ്ട്.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്ലാസ് വിവരം | തുക | ജി.എസ്.ടി (18%) | ജി.എസ്.ടി ഉൾപ്പെടെയുള്ള തുക |
|---|---|---|---|
| കരിയർ ഗൈഡൻസ് (Rs. 2500 X80) | 2,00,000 | 36,000 | 2,36,000 |

അംഗീകരിച്ച ക്വട്ടേഷനിൽ മണിക്കൂറിന് 2000 രൂപ എന്നതായിരിക്കെ ടി ഇൻവോയ്സിൽ ഒരു കുട്ടിക്ക് 80 രൂ നിരക്ക് കണക്കാക്കി തുക അനുവദിച്ചത് എങ്ങനയാണ് എന്ന് വ്യക്തമല്ല. പ്രൊക്യുവർമെന്റ് മാന്യുവൽ ഒ(പി) നം.259/2010 ത.സ്വ.ഭ.വ തീയതി 08.11.2010 ഖണ്ഡിക 5.1 പ്രകാരം ടെണ്ടറിൽ ക്വാട്ട് ചെയ്ത തുകയിൽ നികു ഒഴികെ എന്ന് പ്രത്യേകം പരാമർശിക്കാത്ത പക്ഷം ക്വാട്ട് ചെയ്ത നിരക്ക് മുഴുവൻ നികുതി ഉൾപ്പെടെയാണെ കണക്കാക്കേണ്ടതാണ്. ആയതിനാൽ സ്ഥാപനത്തിന് 1,20,000/- രൂപയാണ് അനുവദിക്കേണ്ടിയിരുന്നത്. മേ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 52/20204-25/ 5.3.2026 ന് മറുപടിയിൽ ബാച്ചുകളിൽ 6ാം നമ്പർ ബാച്ച് ഒഴികയുള്ളവ 2 സെക്ഷനുകൾ ആയി ആകെ 23 സെക്ഷനുകൾ ആയാ ക്ലാസുകൾ നടന്നിട്ടുള്ളതെന്നും ആയത് പ്രകാരം 23x 5x2000= 230000 രൂപ ലിമിറ്റ് ചെയ്ത് 200000 രൂ അനുവദിക്കുകയാണ് ചെയ്തതെന്ന്മറുപടിയായി ലഭ്യമാക്കി. പദ്ധതി റിപ്പോർട്ടിൽ സെക്ഷനുകളുടെ എണ്ണ കൃത്യമായി രേഖപ്പെടുത്തിയിരുന്നില്ല. സ്ഥാപനം ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സിലും സെക്ഷനുകളു എണ്ണത്തിനനുസരിച്ചല്ല പരിശീലന ഫീസ് കണക്കാക്കിയത്.പദ്ധതിയുമായിബന്ധപ്പെട്ടരേഖപ്പെടുത്തലുകളി അപാകത വരുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-43 വൈദ്യുതി ബില്ലുകൾ കൃത്യ സമയത്ത് അടവാക്കുന്നില്ല

പ്രൊജക്ട്: വിട്ട് കിട്ടിയ സ്കൂളിലേക്ക് വൈദ്യുതി വെള്ളക്കരം മറ്റ് ആവർത്തന ചെലവുകൾ (871/25) (സ്പിൽ ഓവർ)

അടങ്കൽ: 406403 (റോഡിതരം)

ചെലവ്: 192334/- (TRN: 241501000000012791/21.08.2024)

നിർവ്വഹണോദ്യോഗസ്ഥൻ: പ്രിൻസിപ്പാൾ

മേൽ പദ്ധതി പ്രകാരം വൈദ്യുതി ചാർജ് അടവാക്കുന്നതിലേക്കായി പണം ചെലവഴിച്ചതിന്റെ രേഖക പരിശോധിച്ചപ്പോൾ ചില വൈദ്യുതി ബില്ലുകൾ സമയ പരിധി പാലിച്ച് അടവാക്കാത്തതിനാൽ സർചാർ ഇനത്തിൽ തുക അടവാക്കേണ്ടി വന്നതായി കണ്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | റസീപ്റ്റ് നമ്പർ | ആകെ തുക | സർചാർജ് ഇനത്തിൽ നൽകിയ തുക | കൺസ്യൂമർ നമ്പർ |
|---|---|---|---|---|
| 1. ഗവ.ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ, മലപ്പുറം | | | | |
| 1 | 101033/30.10.2023 | 15834 | 122 | 1165552015601 |
| 2 | 101034/30.10.2023 | 4814 | 67 | 1165552048874 |
| 3 | 101050/28.11.2023 | 12313 | 88 | 1165552015601 |
| 4 | 101051/28.11.2023 | 10467 | 27 | 1165552048874 |
| 5 | 101069/16.12.2023 | 17547 | 61 | 1165552015601 |
| 6 | 101070/16.12.2023 | 8730 | 53 | 1165552048874 |
| 7 | 101095/29.01.2024 | 10836 | 29 | 1165552015601 |
| 8 | 101096/29.01.2024 | 6726 | 15 | 1165552048874 |

| | | | | |
|---|---|---|---|---|
| 9 | 102034/27.02.2024 | 17250 | 64 | 1165552015601 |
| 10 | 102035/27.02.2024 | 10203 | 40 | 1165552048874 |
| 2. GLPS . മലപ്പുറം | | | | |
| ക്രമ നം | റസീപ്റ്റ് നമ്പർ | ആകെ തുക | സർചാർജ് ഇനത്തിൽ നൽകിയ തുക | കൺസ്യൂമർ നമ്പർ |
| 1 | 701180/19.01.2024 | 7054 | 29 | 1165550011740 |
| 2 | 701158/21.11.2023 | 5181 | 29 | |
| ആകെ സർചാർജ്ജ് ഇനത്തിൽ നൽകിയ തുക | | | 624 | |

പണം സമയബന്ധിതമായി അടവാക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 46/20204-25/ 5.3.2026 ന് ലഭ്യമാക്കിയ മറുപടിയിൽ വലിയ തുക ഇലക്ട്രിസി ബിൽ ഇനത്തിൽ വരുന്നത് കാരണം തുക കണ്ടെത്താൻ പ്രയാസം നേരിടുന്നുണ്ടെന്നും ഇനി കൃത്യസമയത്ത് ബി അടവാക്കുന്നതിന് സ്കൂളുകൾക്ക് നിർദേശം നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ഇലക്ട്രിസിറ്റി ബി സമയബന്ധിതമായി അടവാക്കുന്നുണ്ടെന്ന് നിർവ്വഹണഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-44 ബിൽഡിംഗ് പെർമിറ്റ് ഫീ പരിഷ്കരണ പ്രകാരം റീഫണ്ട് തുക കണക്കാക്കിയതിൽ പിഴവ്

ഫയൽ നമ്പർ : 589228-2024 / 09.07.2024 (K-Smart)

Ksmart പ്രകാരം ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിന് BPCN-00019079-2024 അപേക്ഷയിൽ നഗരസഭയി വാർഡ് 11ൽ 2543.09ച.മീ ബിൽഡ് അപ് വിസ്തീർണമുള്ള പുതിയ സ്പെഷ്യൽ റസിഡൻസ് വിഭാഗത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതനുള്ള പെർമിറ്റ് ഫീസ് 254309 രൂപ നിർണയിച്ചിട്ടുണ്ട്.

01.8.2024 ന് മുൻപുള്ള അപേക്ഷയായതിനാൽ സ.ഉ (കൈ)85/2023/LSGD, Dt:31/03/2023 പ്രകാരം 300 ച.മീ മുകളിലു റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് RS.200/ചമീ നിരക്കിൽ 508618 രൂപ പെർമിറ്റ് ഫീ ഇനത്തിൽ ഈടാക്കി M100500-24007025 & 19-06-2024 പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. (പെർമിറ്റ് നം. BP/5013/2024, 24.06.2024)

എന്നാൽ 30.07.2024 ലെ സ.ഉ (കൈ)97/2024/LSGD, ഉത്തരവ് പ്രകാരം 300 ച.മീ മുകളിലുള്ള റസിഡൻഷ്യ കെട്ടിടങ്ങൾക്ക് RS.150/ചമീ നിരക്കിൽ പെർമിറ്റ് ഫീ പരിഷ്കരിച്ചിട്ടുണ്ട്. ആയത് അനുസരിച്ച് മേൽ അപേ പ്രകാരമുള്ള 2543.09 ച.മീ കെട്ടിടത്തിന് 381463.5 രൂപയാണ് ഈടാക്കേണ്ടത് (2543.09 X 150 = 381463.5). എന്നാൽ മേ ഫയൽ പരിശോധിച്ചത് പ്രകാരം മേൽ കെട്ടിടത്തിന് 254309 രൂപ പെർമിറ്റ് ഫീ കണക്കാക്കി ബാക്കി 254309 രൂ Rrefund ചെയ്യുന്നതിന് കണക്കാക്കിയതായി കാണുന്നു. പുതിയ നിരക്കു പ്രകാരം 127154.5രൂപയാണ് Refu നൽകേണ്ടത് (508618-381463.5 = 127154.5). Ksmart ൽ ഒരോ ബിൽഡിംഗ് കാറ്റഗറിക്കും പെർമിറ്റ് കാൽകുലേഷ ഓട്ടോമേറ്റിക് ആയാണ് വരുന്നത് എന്നിരിക്കെ മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേ കണക്കാക്കിയത് പ്രകാരം തുക തിരിച്ച് നൽകിയിട്ടില്ല എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിന് വിവ അറിയിക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 93/ 2023-24 തീയതി: 10-03-2024ന് ലഭ്യമാക്കി മറുപടിയിൽ പെർമിറ്റ് റീഫണ്ടിന് ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടില്ല എന്നും ആയതിനാൽ തുക നൽകിയിട്ടി എന്നും അറിയിച്ചു. പെർമിറ്റ് കാൽകുലേഷൻ ഓട്ടോമേറ്റിക് ആയാണ് Ksmart കണക്കാക്കിയത് എന്ന് മറുപടിയി രേഖപ്പെടുത്തിയിട്ടുണ്ട് എങ്കിലും റീഫണ്ട് തുക തറ്റായി കണക്കാക്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. മേ അപാകത Ksmart സാങ്കേതിക വിഭാഗത്ത അറിയിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതാ നാളിതുവരെ നൽകിയ പെർമിറ്റ് റീഫണ്ട് തുകയിൽ പ്രസ്തുത അപാകത വന്നിട്ടില്ല എന്നും ഉറ വരുത്തേണ്ടതാണ്.

## 1-45 വയോമിത്രം മരുന്നു വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ, (താലൂക്ക് ഹോസ്പിറ്റൽ) നിർവഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതി പ്രകാ മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡ്, തിരുവനന്തപു എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.
വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | അടങ്കൽ/ ചെലവ് | ബിൽ നമ്പർ/ തിയ്യതി | പ്രൊഫോമ ഇൻവോയ്സ് നമ്പർ/തിയ്യതി | ലഭ്യമായ മരുന്നുകൾ,ഇൻവോയ്സ് നം/ തുക | ലഭ്യമാക്കാന വശേഷിക്കുന്ന മരുന്നുകൾ, തുക |
|---|---|---|---|---|---|
| വയോമിത്രം മരുന്നു വാങ്ങൽ | അടങ്കൽ- 10,00,000/- ചെലവ്- | 24150147003001212229/ 22.01.2025 | PRF 2957/ 16.01.2025 | 1155/02.07.2025- 61018/- 1936/15.09.2025 – 22677/- 2285/04.11.2025 – 161160/- | 631369/- |

| | | | | | |
|---|---|---|---|---|---|
| 326 /25 | 9,24,346/- പൊതു വിഭാഗം - സാധാരണ വിഹിതം | | | 1902/19.02.2025 – 42131/- 3163/ 08.01.2026- 5991/- ആകെ- 292977/- | |

മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടി വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡി അന്വേഷണ കുറിപ്പ് നം. 19/24-25/02.03.2026 ന് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടിക സ്വീകരിച്ച് വരികയാണെന്ന് മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് ആയത് സ്റ്റോക്കിലെടുത വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-46 താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ മലപ്പുറം- എച്ച്.എം.സി വാർഷിക കണക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ മലപ്പുറം , ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ 2014-15 സാമ്പത്തി വർഷം മുതലുള്ള വാർഷിക ധനകാര്യ പത്രികകൾ (AFS) തയ്യാറാക്കി നാളിതു വരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടി നഗരസഭയുടെ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിനോടൊപ്പം ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ ഓഡി കൂടി നടത്തേണ്ടതുള്ളതിനാൽ പ്രസ്തുത വർഷങ്ങളിലെ വരവ് ചെലവുകൾക്ക് ആധാരമായ വൗച്ചറുകള അനുബന്ധ രേഖകളും പരിശോധനക്ക് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 26/24-25/03.03.2026 പ്രകാര ആവശ്യപ്പെട്ടതിന് 2014-15 സാമ്പത്തിക വർഷം മുതലുള്ള വാർഷിക കണക്ക് തയ്യാറാക്കി സമർപ്പിക്കുന്നതി സമയം അനുവദിക്കണമെന്ന് മറുപടി ലഭ്യമാക്കി. 2014-15 സാമ്പത്തിക വർഷം മുതലുള്ള വർഷങ്ങളിലെ A തയ്യാറാക്കി മാനേജിംഗ് കമ്മിറ്റി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-47 പാണക്കാട് അർബൻ പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ നിർവഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതി പ്രകാര മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡ്, തിരുവനന്തപുര എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.
വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | അടങ്കൽ/ ചെലവ് | ബിൽ നമ്പർ/ തിയ്യതി | പ്രൊഫോമ ഇൻവോയ്സ് നമ്പർ/തിയ്യതി | ലഭ്യമായ മരുന്നുകൾ, ഇൻവോയ്സ് നം/ തുക | ലഭ്യമാക്കാന വശേഷിക്കുന്ന മരുന്നുകൾ, തുക |
|---|---|---|---|---|---|
| പാണക്കാട് അർബൻ പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ 363 /25 | അടങ്കൽ- 3,50,000/- ചെലവ്- 1,58,066/- റോഡിതരം | 24150147003001179660/ 15.01.2025 | PRF 1670/ 21.10.2024- 1,58,066/- | 514/17.05.2025- 25,345 /- 1137/01.07.2025 – 32,665/- 2300/04.11.2025 -38,454/- 2902/22.12.2025 – 10,238/- ആകെ- 1,06,702/- | 51,364/- |

മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡി അന്വേഷണ കുറിപ്പ് നം. 29/24-25/03.03.2026 ന് മരുന്നുകൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരി വരികയാണെന്ന് അറിയിച്ചു. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് ആയത് സ്റ്റോക്കിലെടുത്ത് വിവര അറിയിക്കേണ്ടതാണ്.

## 1-48 നെൽകൃഷി വികസനം- വിള ഇൻഷൂറൻസ് രേഖകൾ ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതി | നെൽകൃഷി വികസനം 462/25 |
| അടങ്കൽ | 169200/- (പൊതു വിഭാഗം – സാധാരണ വിഹിതം) |
| ചെലവ് | 52300/- BRN. 24150147002701353741/19.02.2025 – 52300/- |

| നിർവ്വഹണം | കൃഷി ഫീൽഡ് ഓഫീസർ |
|---|---|

നെൽകൃഷി വികസനത്തിന്റെ ഭാഗമായി കൂലി ചെലവിനത്തിൽ ഹെക്ടറിന് 25000/- രൂപ നിരക്കി കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിനാണ് മുകളിൽ പരാമർശിച്ച പദ്ധതിയിലൂടെ ലക്ഷ്യമിട്ട പദ്ധതിയിലൂടെ 3 ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവ് | അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | അബ്ദുൾ നാസർ. പി.എ | 13,400/- | Planting Date – 04.11.2024 പ്രീമിയം അടച്ച തിയ്യതി- 07.12.2024 പ്രകാരമുള്ള കെ.എസ്.എ.ഡി/ സി.ഐ.എസ്/ നമ്പർ SC1313895 വിള ഇൻഷൂറൻസ് സർട്ടിഫിക്കറ്റ് ഫയലിൽ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുണ്ട്.. (134.5 സെന്റ്) |
| 2 | അബ്ബാസ്.പി.പി | 23,900/- | Planting Date – 19.11.2025 പ്രീമിയം അടച്ച തിയ്യതി- 31.12.2025 പ്രകാരമുള്ള കെ.എസ്.എ.ഡി/ സി.ഐ.എസ്/ നമ്പർ വിള ഇൻഷൂറൻസ് പോളിസിയാണ് ഫയലിൽ ഹാജരാക്കിയിട്ടുള്ളത്. (239.9 സെന്റ്) |
| 3 | പ്രീതാകുമാരി.കെ.ടി | 15,000/- | വിള ഇൻഷൂറൻസ് പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |

സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 9 ( ലെ തരിശുകൃഷിക്കും സ്ഥിരം കൃഷിക്കും ബാധകമായ പൊതു നിർദേശങ്ങളിലെ 5ാമത്തെ നിബന്ധന പ്രകാര വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന ഇൻഷ്യൂറൻസ് സ്കീമിന് ഭാഗമാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ 3 ഗുണഭോക്താക്കൾക്ക് നെൽകൃഷിക്ക് ആനുകൂല്യ നൽകിയതിൽ 2 ഗുണഭോക്താക്കൾ വിള ഇൻഷ്യൂറൻസ് എടുത്തതിന്റെ രേഖകൾ ലഭ്യമല്ല.

ക്രമ നം 2,3 ഗുണഭോക്താക്കൾ പദ്ധതിക്കായി സമർപ്പിച്ച അപേക്ഷയും തുക അനുവദിച്ചതി അടിസ്ഥാനമാക്കിയ രേഖകളും പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് 28/24-25/ 03.03.2026 നമ്പർ ഓഡി അന്വേഷണ കുറിപ്പ് നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയേ ചെയ്തില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 38,900/- രൂപ തടസ്സം ചെയ്യുന്നു.

## 1-49 ബി.പി മോണിറ്റർ വിതരണത്തിലെ അപാകതകൾ

പ്രൊജക്ട്: വയോജനങ്ങൾക്ക് ജീവിത ശൈലീരോഗ പരിശോധനാ ഉപകരണങ്ങൾ (518/ 25)

അടങ്കൽ: 738983 (പൊതുവിഭാഗം സാധാരണ വിഹിതം)

BRN നമ്പർ/ചെലവ്: 24150147003001048508/17.12.2024 , തുക 532697/-

മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിലേക്ക് ജെം പോർട്ട വഴി M/S MANN ELECTRONICS INDIA PRIVATE LTD എന്ന സ്ഥാപനത്തിൽ നിന്ന് BP Moniters വാങ്ങിയിട്ടു (ഇൻവോയ്സ് നമ്പർ: MEQ-0139/15.03.24). വിശദ വിവരം ചുവടെ കൊടുക്കുന്നു.

| എണ്ണം | യൂണിറ്റിന്റെ വില | ആകെ വില |
|---|---|---|
| 700 | 679.46 + 12 % GST | 532697/- |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവ കൊടുക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ 115/2022 ത.സ്വ.ഭ.വ തീയതി 28.05.2022 പ്രകാരം വയോജനങ്ങൾക്ക് BP Monitors വാങ്ങ നൽകുന്നതിന് അനുമതിയില്ല. പ്രത്യേകാനുമതി വാങ്ങിയിട്ടുണ്ടെങ്കിൽ അനുമതി ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

2. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മേൽ ഉപകരണങ്ങൾ 25.03.2024 ന് സ്റ്റോക്കിലെടുത്ത് 07.06.2024 ന് വയോ മിത്ര കോർഡിനേറ്റർക്ക് വിതരണം ചെയ്തതായി ചേർത്തിട്ടുണ്ട്.

3. ജെം ഇൻവോയ്സ് പ്രകാരം മേൽ ഉപകരണങ്ങൾക്ക് 1 വർഷത്തെ വാറണ്ടി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാ സ്റ്റോക്ക് രജിസ്റ്ററിലും ഇൻവോയ്സിലും ആയത് രേഖപ്പെടുത്തിയിട്ടില്ല. ഉപകരണങ്ങൾ പുതിയത് വാങ്ങ സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്കിലെടുക്കുകയും വാറണ്ടി വിവരം സ്റ്റോ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ഉപകരണങ്ങൾ കേടായാൽ വാറണ്ടി ഉറ വരുത്താനാവാതെ റിപ്പയർ ചെയ്ത് അധിക ചെലവിന് കാരണമാകുന്നതുമാണ്. ഇക്കാര്യം നിർവ്വഹ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയിട്ടില്ല.
അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 76/24-25/07.03.2026 ന് മറുപ ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 532697 രൂപ തടസ്സം ചെയ്യുന്നു.

## 1-50 താലൂക്ക് ഹോസ്പിറ്റലിലെ വൈദ്യുതി, ടെലഫോൺ ബിൽ കൃത്യ സമയത്ത് അടവാക്കുന്നില്ല

പ്രൊജക്ട്: താലൂക്ക് ആശുപത്രിയിലേക്ക് വൈദ്യുതി, വെള്ളക്കരം മറ്റ് ആവർത്തന

ചെലവുകൾ (332/ 25)

അടങ്കൽ: 2500000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ)

ചെലവ്: 2175813 (മെയിന്റനൻസ് ഫണ്ട് റോഡിതരം)

24150147003000986951/05.12.24 തുക 125864/-
24150147003000696122/24.09.24 തുക 16095/-
24150147003000480448/30.07.24 തുക 6750/-
24150147003000463785/26.07.24 തുക 88879/-
24150147003000638629/07.09.24 തുക 231862/-
24150147003000784104/16.10.24 തുക 83720/-
24150147003000882015/08.11.24 തുക 65176/-
24150147003000904095/14.11.24 തുക 137948/-
24150147003000925470/20.11.24 തുക 749/-
24150147003001397259/28.02.25 തുക 144395/-
24150147003001415931/04.03.25 തുക 37815/-
24150147003001450076/07.03.25 തുക 126993/-
24150147003001613280/21.03.25 തുക 14286/-
24150147003001485990/10.03.25 തുക 17744/-
24150147003001255346/31.01.25 തുക 952729/-
24150147003001196399/19.01.25 തുക 120734/-
24150147003001048515/17.12.24 തുക 4074/-

മേൽ പദ്ധതി പ്രകാരം താലൂക്കാശുപത്രിയുടെ വൈദ്യുതി ബിൽ, ടെലഫോൺ ബിൽ എന്നി അടവാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ കൃത്യ സമയത്ത് ബിൽ അടവാക്കാത്തതിനാ മിക്ക ബില്ലുകളിലും സർചാർജ്/ ലേറ്റ് ഫീസ് വന്നതായി കണ്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ.നം | ബി.ആർ.നമ്പർ | വൈദ്യുതി ബിൽ നമ്പർ | ബിൽ തുക | സർചാർജ് ഇനത്തിൽ അടവാക്കിയ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 24150147003001196399/19.01.25 തുക 120734/- | 6555250100841/01.01.25 | 69446 | 120 |
| | -ടി- | 6555250100839/01.01.25 | 44307 | 81 |
| | -ടി- | 6555250100840/01.01.25 | 3488 | 6 |
| 2 | 24150147003001255346/31.01.25 തുക 952729/- | 6555231100068/01.11.23 | 63398 | 302 |
| | -ടി- | 6555231100069/01.11.23 | 3144 | 14 |
| | -ടി- | 6555231100070/01.11.23 | 62475 | 261 |
| | -ടി- | 6555240300073/01.03.24 | 73967 | 254 |
| | -ടി- | 6555240300075/01.03.24 | 71296 | 231 |
| | -ടി- | 6555240400075/01.04.24 | 82309 | 340 |
| | -ടി- | 6555240400076/01.04.24 | 4102 | 6 |
| | -ടി- | 6555240400077/01.04.24 | 81300 | 328 |
| | -ടി- | 6555240500074/02.05.24 | 78240 | 324 |
| | -ടി- | 6555240500075/02.05.24 | 3890 | 17 |
| | -ടി- | 6555240500076/02.05.24 | 79716 | 320 |
| | -ടി- | 6555240700073/01.07.24 | 57546 | 299 |
| | -ടി- | 6555240700074/01.07.24 | 3513 | 17 |
| | -ടി- | 6555240700075/01.07.24 | 123458 | 353 |
| 3 | 24150147003000986951/05.12.24 തുക 125864/- | 6555241200076/01.12.2024 | 49968 | 877 |
| | -ടി- | 6555241200077/01.12.2024 | 3334 | 9 |
| | -ടി- | 6555241200078/01.12.2024 | 72562 | 152 |
| 4 | 24150147003000784104/16.10.24 തുക 83720/- | 6555241000097/01.10.24 | 3387 | 33 |
| | -ടി- | 6555241000098/01.10.24 | 67175 | 613 |
| 5 | 24150147003000882015/08.11.24 തുക 65176/- | 6555241000096/01.10.24 | 47183 | 488 |
| 6 | 24150147003000904095/14.11.24 തുക 137948/- | 6555241100078/01.11.24 | 3512 | 10 |
| | -ടി- | 6555241100078/01.11.24 | 65963 | 307 |
| 7 | 24150147003001397259/28.02.25 തുക 144395/- | 6555250200075/01.02.25 | 50575 | 175 |
| | -ടി- | 6555250200076/01.02.25 | 3682 | 14 |
| | -ടി- | 6555250200077/01.02.25 | 69442 | 274 |
| ആകെ സർചാർജ് ഇനത്തിൽ അടവാക്കിയ തുക | | | | 6225/- |

| ക്രമ.നം | ബി.ആർ.നമ്പർ | ടെലഫോൺ ബിൽ നമ്പർ | ബിൽ തുക | ലേറ്റ് ഫീ ഇനത്തിൽ അടവാക്കിയ തുക |
|---|---|---|---|---|
| 1 | 24150147003001397259/28.02.25 തുക 144395/- | SKLR25005781076/03.02.25 | 1913 | 31.78 |
| | -ടി- | SKLR25005755765/03.02.25 | 1046 | 17.37 |
| | -ടി- | SKLR25005263809/03.02.25 | 542 | 10 |
| 2 | 24150147003000904095/14.11.24 തുക 137948/- | SKLR25002981247/02.11.2024 | 1684 | 30.78 |
| | -ടി- | SKLR25003331086/02.11.24 | 2070 | 17.38 |
| 3 | 24150147003000784104/16.10.24 തുക 83720/- | SKLR25002489610/02.10.24 | 525 | 10 |
| | -ടി- | SKLR25002265315/02.10.24 | 1853 | 30.81 |

| | | | | |
|---|---|---|---|---|
| 4 | 24150147003001255346/31.01.25 തുക 952729/- | SDCKL0090273068/03.05.24 | 1850 | 31.77 |
| | -ടി- | SDCKL0090310112/03.05.24 | 1012 | 17.37 |
| | -ടി- | SDCKL0090204322/03.05.24 | 422 | 10 |
| | -ടി- | SDCKL0092306521/02.07.24 | 1725 | 31.77 |
| | -ടി- | SDCKL0092107629/01.07.24 | 1046 | 17.37 |
| | -ടി- | SDCKL0092003113/01.07.24 | 548 | 15.33 |
| | ലേറ്റ് ഫീ ഇനത്തിൽ ആകെ അടവാക്കിയ തുക | | | 271.73/- |

2023-24 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഇക്കാര്യം പരാമർശിച്ചിട്ടും അപാകത ആവർത്തിക്കുന്നു. ആശുപത്രിയി എച്ച്.എം.സി ഫണ്ട് നിലവിലിരിക്കെ ബിൽ അടവാക്കാൻ വൈകിയതിന് വിശദീകരണ ലഭ്യമാക്കേണ്ടതാണ്.ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 85/24-25/09.03.2026 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-51 അപേക്ഷകൾ, വിള ഇൻഷൂർ ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതി | പച്ചക്കറി കൃഷിക്ക് കൂലി ചെലവ് 454/25 |
| അടങ്കൽ | 255000/- (പൊതു വിഭാഗം – സാധാരണ വിഹിതം) |
| ചെലവ് | 255000/-<br>BRN. 24150147002701353751/19.02.2025 – 255000/- |
| നിർവ്വഹണം | കൃഷി ഫീൽഡ് ഓഫീസർ |

